മീനങ്ങാടി മാതൃകാ പോലീസ് സ്റ്റേഷൻ

56 (2985)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി താലൂക്കിലെ മീനങ്ങാടി മാതൃകാ പോലീസ് സ്റ്റേഷൻ സൗകര്യമില്ലാത്ത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്റ്റേഷന് സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട നടപടികളെടുക്കുമോ;

(സി) ഈ സ്റ്റേഷനിലെ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ നിർമ്മിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

കെ.എ.പി. 3 ബറ്റാലിയൻ

57 (2986)ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി-3 ബറ്റാലിയനിൽ എത്ര പോലീസുകാരുണ്ട്;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഡ്യൂട്ടിക്കിടയിൽ പരിക്കേറ്റ എത്ര പേർ ഈ ബറ്റാലിയനിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെയുള്ളവർക്ക് ലീവും വിശ്രമവും അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 592 പോലീസുകാർ.

(ബി) 23 പേർ

(സി) ലീവും വിശ്രമവും വേണ്ടിവരുന്നവർക്ക് ആയത് അനുവദിക്കാറുണ്ട്.

ശിവഗിരി മഠം

58 (2987)ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിവഗിരി മഠം ഗവൺമെന്റ് ഏറ്റെടുത്തശേഷം പോലീസിന്റെ സേവനം ലഭ്യമാക്കിയ വകയിൽ എന്തു തുക ചെലവായിട്ടുണ്ട്;

(ബി) ഓരോ മാസവും പോലീസിനുവേണ്ടി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി)പോലീസിന്റെ സേവനം ലഭ്യമാക്കിയത് ക്രമസമാധാന പാലനത്തിന്റെ ഭാഗമായിട്ടായതിനാൽ ഇതിനുവേണ്ടി വന്ന ചെലവ് പ്രത്യേക മായി കണക്കാക്കിയിട്ടില്ല.

ശിവഗിരിമഠത്തിലെ നിയമനങ്ങൾ

59 (2988) ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിവഗിരിമഠം സർക്കാർ ഏറ്റെടുത്തശേഷം അഡ്മിനിസ്ട്രേറ്റർ പ്രസ്തുത മഠത്തിലും അനുബന്ധ സ്ഥാപനങ്ങളിലുമായി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഏതെല്ലാം തസ്തികകളിലേയ്ക്കാണ് നിയമനം നടത്തിയത്;

(സി) ഈ തസ്തികകളുടെ ശമ്പളസ്കെയിൽ എത്രയാണ്;

(ഡി) ഈ തസ്തികകളിൽ എത്രയെണ്ണം പുതുതായി സൃഷ്ടിക്കപ്പെ ട്ടവയാണ്;

(ഇ) പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമാണ്;

(എഫ്)സന്യാസിമാർ ജോലി ചെയ്തിരുന്ന തസ്തികകളിൽ നിന്ന് അവരെ പിരിച്ചുവിട്ടുകൊണ്ട് പ്രസ്തുത തസ്തികയിലേയ്ക്ക് അഡ്മിനിസ്ട്രേ റ്റർ നിയമനം നടത്തിയിട്ടുണ്ടോ;

(ജി) എങ്കിൽ എത്ര പോസ്റ്റുകളിലാണ് ഇപ്രകാരം നിയമനം നടത്തിയത്;

(എച്ച്) പുതുതായി നിയമിക്കപ്പെട്ടവർക്ക് ശമ്പളമിനത്തിൽ 1999 ജൂൺ 30 വരെ എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 102 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി)&(സി) അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ഡി) 21 എണ്ണം

(ഇ) അനുബന്ധം 11 ആയി ചേർത്തിട്ടുണ്ട്.†

(എഫ്)&(ജി) ശിവഗിരി ശ്രീനാരായണ പ്രസ്സ് മാനേജർ തസ്തികയിലും, ബുക്ക് സ്റ്റാൾ മാനേജർ തസ്തികയിലും രണ്ടുപേരെ നിയോഗിച്ചപ്പോൾ അവിടെ ചാർജുണ്ടായിരുന്ന രണ്ടു സന്യാസിമാർ സ്വയം ഒഴിവായി പോയിട്ടുണ്ട്.

(എച്ച്) 36,100/- രൂപ ചെലവായിട്ടുണ്ട്.

---

* അനുബന്ധം VI, VIA

LIBRARY ARCHIVES Kerala Legislative Assembly